# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 332 | 27.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## നോട്ടു നിരോധനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജെയിംസ് മാത്യു<br>,, വി. കെ. സി. മമ്മത് കോയ<br>,, എം. രാജഗോപാലൻ<br>,, ഡി.കെ. മുരളി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | നോട്ടു നിരോധനത്തെ തുടർന്ന് കനത്ത തിരിച്ചടി നേരിട്ട ചില്ലറ വ്യാപാരരംഗത്ത് ജി.എസ്.ടി. ഉണ്ടാക്കിയ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; | (എ), (ബി) & (സി) | ജി.എസ്.ടി നടപ്പിലാക്കുന്നതിനു മുമ്പ് ഒന്നരക്കോടി രൂപ വരെ വിറ്റു വരവുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളെ എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ജി.എസ്.ടി. യിൽ 20 ലക്ഷത്തിനു മുകളിൽ വിറ്റു വരവുള്ള എല്ലാവർക്കും ചരക്ക സേവന നികുതി ബാധകമാണ്. ഇത് വൻകിടക്കാരുമായി ഉള്ള മത്സരത്തിൽ ചെറുകിട വ്യവസായികളെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ചെറുകിട വ്യവസായികൾക്കും വ്യാപാരികൾക്കും കുറഞ്ഞ നിരക്കിൽ കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നതിനുള്ള പരിധി രണ്ടു കോടിയായി ഉയർത്തണമെന്ന് കേരളവും ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് തത്വത്തിൽ ജി.എസ്.ടി കൗൺസിൽ അംഗീകരിക്കുകയും ഇതിനനുസൃതമായി നിയമ ഭേദഗതി ഉൾപ്പെടുത്തിയുള്ള ശുപാർശ ജി.എസ്.ടി കൗൺസിലിൽ ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു. ഇത് ഒരു പരിധി വരെ ചെറുകിട വ്യവസായ വ്യാപാര |
| (ബി) | ഒറ്റ ബ്രാൻഡ് ചില്ലറ വ്യാപാരത്തിൽ 100 ശതമാനം നേരിട്ടുള്ള വിദേശ നിക്ഷേപം കേന്ദ്ര സർക്കാർ അനുവദിച്ചത് സംസ്ഥാനത്തെ ചില്ലറ വ്യാപാര രംഗത്തു തിരിച്ചടിയുണ്ടാക്കാതിരിക്കാനായി എന്തെങ്കിലും മാർഗം ആലോചിക്കുന്നുണ്ടോ; | | |
| (സി) | ഈ പശ്ചാത്തലത്തിൽ ഇ-കോമേഴ്സ് വ്യാപകമാകുന്നത് ചെറുകിട വ്യാപാരികളെയും നിർമ്മാതാക്കളെയും കൂടുതൽ പ്രതിസന്ധിയിലാക്കാതെ സംരക്ഷണം സാധ്യമാകുമോ; വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആധുനികരംഗത്ത് ഏറ്റവുമധികം വളർച്ചയുണ്ടാകുന്ന മേഖലയാണ് ഇ-കോമേഴ്സ്. ജി.എസ്.ടി നടപ്പിലാക്കിയതിനെത്തുടർന്ന് ഏതെങ്കിലും ഒരു സംസ്ഥാനത്തിന് മാത്രമായി ഇ-കോമേഴ്സ് മേഖലയിൽ നിയന്ത്രണം ഏർപ്പെടുത്താൻ ഭരണഘടനാപരമായി അധികാരമില്ല. |

**സെക്ഷൻ ഓഫീസർ**